പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 232 **28-10-2026-ൽ മറുപടിയ്ക്ക്**

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിലില്ലായ്മ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി .എം. എ. സമീർ
ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. കുറുക്കോളി മൊയ്തീൻ

മറുപടി നൽകിയ മന്ത്രി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ ഉന്നത വിദ്യാഭ്യാസം നേടിയ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട തൊഴിൽരഹിതരുടെ എണ്ണം കൂടിവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

മറുപടി: പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസം നേടുന്നവരുടെ തൊഴിലില്ലായ്മ സംബന്ധിച്ച് വകുപ്പ് തലത്തിൽ പ്രത്യേക സർവേ നടത്തിയിട്ടില്ല.

(ബി) എങ്കിൽ ഇവർക്ക് സംസ്ഥാനത്തിനകത്തും വിദേശരാജ്യങ്ങളിലും തൊഴിൽ നേടുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

മറുപടി: സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലും, വിവിധ മേഖലകളിലും തൊഴിൽ ലഭ്യമാക്കുന്നതിനും, തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്നതിനുമായി പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ വിവിധ പരിശീലന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. **ട്രെയ്സ് (Training for Carrer Excellence -TRACE)** – വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ്പ് മാതൃകയിൽ പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും അവസരം നൽകുന്നു. Accredited Engineer, Oversear, Office Management Trainee, Community Social Worker, Tribal Paramedics, ക്ലറിക്കൽ അസിസ്റ്റന്റ്, ലീഗൽ അസിസ്റ്റന്റ്സ്, ജേണലിസം ട്രെയിനി, നഴ്സിംഗ്/പാരാ മെഡിക്കൽ അപ്രന്റിസ് തുടങ്ങിയ വിവിധ തൊഴിൽ മേഖലകളിലെ അവസരങ്ങൾക്കായി നിലവിൽ പരിശീലനം നൽകി വരുന്നുണ്ട്.
2. **വിവിധ നൈപുണ്യ വികസന പരിശീലനങ്ങൾ -** തൊഴിൽ മേഖലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ അവലംബിച്ചു കൊണ്ട് ഏവിയേഷൻ, ഓട്ടോ മൊബൈൽ, ഡിജിറ്റൽ, ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി, ഫുഡ് പ്രോഡക്ഷൻ, സോളാർ എനർജി, ഡാറ്റാ സയൻസ് & മെഷീൻ ലേണിംഗ്, ബ്ലോക്ക് ചെയിൻ ടെക്നോളജി, സൈബർ സെക്യൂരിറ്റി, നിർമ്മാണ മേഖലകൾ എന്നിവയിൽ തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കുകയും വിജകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് പ്ലെയ്സ്മെന്റിലൂടെ ജോലി ഉറപ്പു വരുത്തുവാനും സാധിച്ചിട്ടുണ്ട്.
3. **പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ -**തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ മുഖേന വിവിധ മത്സര

പരീക്ഷകൾക്കും, PSC പരീക്ഷകൾക്കും പരിശീലനം നൽകി വരുന്നു.

4. **ലക്ഷ്യ സ്കോളർഷിപ്പ് –** കേരളത്തിനകത്തും പുറത്തുമുള്ള പ്രധാനപ്പെട്ട സിവിൽ സർവീസ് പരിശീലന കേന്ദ്രങ്ങളിൽ ചേർന്ന് പഠിക്കുന്നതിലേക്കായി 30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും, 60 പട്ടികജാതി വിദ്യാർത്ഥികൾക്കും ധനസഹായം .

5. **വിംഗ്സ് –** തിരുവനന്തപുരം രാജീവ്ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ 3 പട്ടികജാതി വിദ്യാത്ഥികൾക്കും 2 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും കൊമേഴ്സ്യൽ പൈലറ്റ് കോഴ്സിന് ഓരോ അധ്യയന വർഷവും ധനസഹായം നൽകി വരുന്നു.

6. **ദാക്ഷായണി സ്വയം തൊഴിൽ സഹായ പദ്ധതി –** പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന അഞ്ചോ അതിലധികമോ വനിതകൾ അംഗങ്ങളായിട്ടുള്ള രജിസ്റ്റർ ചെയ്ത സ്വയം സഹായ സംഘങ്ങൾക്കും, വ്യക്തിഗത സംരഭംങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്ന വനിതകൾക്കും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള 75% സബ്സിഡി ആനുകൂല്യം നൽകി വരുന്നു.

7. **ഓവർസീസ് സ്കോളർഷിപ്പ്** - വിദേശ രാജ്യങ്ങളിൽ പോസ്റ്റ് ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമയ്ക്ക് തത്തുല്യമായ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സ്, എം.ഫിൽ, പി. എച്ച.ഡി കോഴ്സുകൾ പഠിക്കുന്നതിന് വകുപ്പുകളും, സർക്കാർ ഏജൻസിയായ ODPEC-ഉം ചേർന്ന് നടപ്പിലാക്കി വരുന്ന സ്കോളർഷിപ്പ് പദ്ധതി. ഇതുവഴി വിദേശത്ത് തൊഴിൽ ലഭിക്കുന്നതിനുള്ള അവസരം ലഭ്യമാവുന്നു.

8. **വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള ധനസഹായം –** വിദഗ്ധ അവിദഗ്ധ തൊഴിൽ മേഖലകളിൽ അവസരം ലഭിച്ച പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട യുവതീ-യുവാക്കൾക്ക് വിദേശത്തേയ്ക്കുള്ള ആദ്യ യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി 1 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

9. **കെ-ബിസ്സ് – പട്ടികജാതി സംരഭകത്വ വികസന മിഷൻ –** പട്ടികജാതിക്കാർക്കിടയിൽ സംരഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുസ്ഥിരമായ ഉപജീവന മാർഗ്ഗം സൃഷ്ടിക്കുന്നതിനുമുള്ള പദ്ധതി.

10. **ഗോത്ര ജീവിക പദ്ധതി –** പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നിർമ്മാണമേഖലയുമായി ബന്ധപ്പെട്ട പരിശീലനം.

11. **ടൈബൽ പ്ലസ് –** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് പുറമെ അധിക 100 ദിവസത്തെ തൊഴിൽ നൽകുന്ന കേരള ടൈബൽ പ്ലസ് പദ്ധതിയിലൂടെയും ഉപജീവനം.

12. **സ്വയംതൊഴിൽ പദ്ധതി** - പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മൂന്ന് ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് വായ്പ തുകയുടെ 1/3 സബ്സിഡി പരമാവധി 1 ലക്ഷം രൂപ അനുവദിക്കുന്നു.

13. **സ്റ്റാർട്ടപ്പ് ഡ്രീംസ് –** കേരള സ്റ്റാർട്ട് അപ്പ് മിഷനുമായി ചേർന്ന് നടപ്പിലാക്കുന്ന സ്റ്റാർട്ടപ്പുകൾക്കുള്ള ഇൻകുബേഷൻ പദ്ധതി.

14. **സമൃദ്ധി കേരളം –** പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിലവിലുള്ള സംരംഭകർക്ക് ബിസിനസ്സ് വിപുലീകരണത്തിനായി 5 മുതൽ 10 ലക്ഷം രൂപ വരെ വായ്പ. വനിതാ സംരംഭകർക്കും ദുർബല വിഭാഗങ്ങൾക്കും മുൻഗണന.

15. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന **വനിതാ സമൃദ്ധി – സ്ത്രീ ശാക്തീകരണ പരിപാടി** എന്ന പുതിയ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

16. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിൽ 44 ഐ.റ്റി.ഐ കളിൽ വിവിധ ട്രേഡുകളിൽ പരിശീലനം നൽകി വരുന്നു.

17. സാമൂഹ്യ പഠനമുറികളിൽ 351 പേരെ ഫെസിലിറ്റേറ്ററായും, 326 പേരെ മെൻറർ ടീച്ചർമാരായും നിയമിച്ചിട്ടുണ്ട്.

(സി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

മറുപടി: സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലും, വിവിധ മേഖലകളിലും തൊഴിൽ ലഭ്യമാക്കുന്നതിനും, തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്നതിനുമായി പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ വിവിധ പരിശീലന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. **ട്രെയ്സ് (Training for Carrer Excellence -TRACE)** – വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇൻറേൺഷിപ്പ് മാതൃകയിൽ പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും അവസരം നൽകുന്നു. Accredited Engineer, Oversear, Office Management Trainee, Community Social Worker, Tribal Paramedics, ക്ലറിക്കൽ അസിസ്റ്റന്റ്, ലീഗൽ അസിസ്റ്റന്റ്സ്, ജേണലിസം ട്രെയിനി, നഴ്സിംഗ്/പാരാ മെഡിക്കൽ അപ്രന്റിസ് തുടങ്ങിയ വിവിധ തൊഴിൽ മേഖലകളിലെ അവസരങ്ങൾക്കായി നിലവിൽ പരിശീലനം നൽകി വരുന്നുണ്ട്.

2. **വിവിധ നൈപുണ്യ വികസന പരിശീലനങ്ങൾ** – തൊഴിൽ മേഖലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ അവലംബിച്ചു കൊണ്ട് ഏവിയേഷൻ, ഓട്ടോ മൊബൈൽ, ഡിജിറ്റൽ, ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി, ഫുഡ് പ്രോഡക്ഷൻ, സോളാർ എനർജി, ഡാറ്റാ സയൻസ് & മെഷീൻ ലേണിംഗ്, ബ്ലോക്ക് ചെയിൻ ടെക്നോളജി, സൈബർ സെക്യൂരിറ്റി, നിർമ്മാണ മേഖലകൾ എന്നിവയിൽ തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കുകയും വിജകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് പ്ലെയ്സ്മെന്റിലൂടെ ജോലി ഉറപ്പു വരുത്തുവാനും സാധിച്ചിട്ടുണ്ട്.

3. **പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ** -തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററർ മുഖേന വിവിധ മത്സര പരീക്ഷകൾക്കും, PSC പരീക്ഷകൾക്കും പരിശീലനം നൽകി വരുന്നു.

4. **ലക്ഷ്യ സ്കോളർഷിപ്പ് –** കേരളത്തിനകത്തും പുറത്തുമുള്ള പ്രധാനപ്പെട്ട സിവിൽ സർവീസ് പരിശീലന കേന്ദ്രങ്ങളിൽ ചേർന്ന് പഠിക്കുന്നതിലേക്കായി 30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും, 60 പട്ടികജാതി വിദ്യാർത്ഥികൾക്കും ധനസഹായം .

5. **വിംഗ്സ് –** തിരുവനന്തപുരം രാജീവ്ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ 3 പട്ടികജാതി വിദ്യാത്ഥികൾക്കും 2 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും കൊമേഴ്സ്യൽ പൈലറ്റ് കോഴ്സിന് ഓരോ അധ്യയന വർഷവും ധനസഹായം നൽകി വരുന്നു.

6. **ദാക്ഷായണി സ്വയം തൊഴിൽ സഹായ പദ്ധതി –** പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന അഞ്ചോ അതിലധികമോ വനിതകൾ അംഗങ്ങളായിട്ടുള്ള രജിസ്റ്റർ ചെയ്ത സ്വയം സഹായ സംഘങ്ങൾക്കും, വ്യക്തിഗത സംരഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്ന വനിതകൾക്കും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള 75% സബ്സിഡി ആനുകൂല്യം നൽകി വരുന്നു.

7. **ഓവർസീസ് സ്കോളർഷിപ്പ്** - വിദേശ രാജ്യങ്ങളിൽ പോസ്റ്റ് ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമയ്ക്ക് തത്തുല്യമായ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സ്, എം.ഫിൽ, പി. എച്ച.ഡി കോഴ്സുകൾ പഠിക്കുന്നതിന് വകുപ്പുകളും, സർക്കാർ ഏജൻസിയായ ODPEC-ഉം ചേർന്ന് നടപ്പിലാക്കി വരുന്ന സ്കോളർഷിപ്പ് പദ്ധതി. ഇതുവഴി വിദേശത്ത് തൊഴിൽ ലഭിക്കുന്നതിനുള്ള അവസരം ലഭ്യമാവുന്നു.

8. **വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള ധനസഹായം –** വിദഗ്ധ അവിദഗ്ധ തൊഴിൽ മേഖലകളിൽ അവസരം ലഭിച്ച പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട യുവതീ-യുവാക്കൾക്ക് വിദേശത്തേയ്ക്കുള്ള

ആദ്യ യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി 1 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

9. **കെ-ബിസ്സ് – പട്ടികജാതി സംരഭകത്വ വികസന മിഷൻ –** പട്ടികജാതിക്കാർക്കിടയിൽ സംരഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുസ്ഥിരമായ ഉപജീവന മാർഗ്ഗം സൃഷ്ടിക്കുന്നതിനുമുള്ള പദ്ധതി.

10. **ഗോത്ര ജീവിക പദ്ധതി –** പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നിർമ്മാണമേഖലയുമായി ബന്ധപ്പെട്ട പരിശീലനം.

11. **ടൈബൽ പ്ലസ് –** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് പുറമെ അധിക 100 ദിവസത്തെ തൊഴിൽ നൽകുന്ന കേരള ടൈബൽ പ്ലസ് പദ്ധതിയിലൂടെയും ഉപജീവനം.

12. **സ്വയംതൊഴിൽ പദ്ധതി** - പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മൂന്ന് ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് വായ്പ തുകയുടെ 1/3 സബ്സിഡി പരമാവധി 1 ലക്ഷം രൂപ അനുവദിക്കുന്നു.

13. **സ്റ്റാർട്ടപ്പ് ഡ്രീംസ് –** കേരള സ്റ്റാർട്ട് അപ്പ് മിഷനുമായി ചേർന്ന് നടപ്പിലാക്കുന്ന സ്റ്റാർട്ടപ്പുകൾക്കുള്ള ഇൻകുബേഷൻ പദ്ധതി.

14. **സമൃദ്ധി കേരളം –** പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിലവിലുള്ള സംരംഭകർക്ക് ബിസിനസ്സ് വിപുലീകരണത്തിനായി 5 മുതൽ 10 ലക്ഷം രൂപ വരെ വായ്പ. വനിതാ സംരംഭകർക്കും ദുർബല വിഭാഗങ്ങൾക്കും മുൻഗണന.

15. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന **വനിതാ സമൃദ്ധി – സ്ത്രീ ശാക്തീകരണ പരിപാടി** എന്ന പുതിയ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

16. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിൽ 44 ഐ.റ്റി.ഐ കളിൽ വിവിധ ട്രേഡുകളിൽ പരിശീലനം നൽകി വരുന്നു.

17. സാമൂഹ്യ പഠനമുറികളിൽ 351 പേരെ ഫെസിലിറ്റേറ്ററായും, 326 പേരെ മെൻറർ ടീച്ചർമാരായും നിയമിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ